# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: **217***

06.02.2018-ലെ മറുപടി

## ജലമോഷണവും ചോർച്ചയും ഒഴിവാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.വിജയൻ പിള്ള<br>,, എ.പ്രദീപ്കുമാർ<br>,, ഡി.കെ.മുരളി<br>,, എം.സ്വരാജ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വാട്ടർ അതോറിറ്റി പമ്പ് ചെയ്ത ശുദ്ധീകരിക്കുന്ന ജലത്തിന്റെ 55 ശതമാനത്തിൽ. താഴെ മാത്രമേ മീറ്റർ ചെയ്യപ്പെടുന്നുള്ളൂ എന്നതിനാൽ വൻതോതിലുള്ള ജലമോഷണവും ചോർച്ചയും ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പഴക്കംചെന്ന പൈപ്പുകളും പമ്പ് സെറ്റുകളും മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ജലനഷ്ടം യഥാസമയം ലീക്കുകൾ പരിഹരിക്കുന്നതിലൂടെയും, പതിവായി ലീക്കുകൾ ഉണ്ടാകുന്ന പഴയ പൈപ്പുകൾ മാറ്റി സ്ഥാപിച്ചും ഒരു പരിധി വരെ ഒഴിവാക്കുവാൻ കഴിയും. ലീക്കുകൾ യഥാസമയം പരിഹരിക്കുന്നതിലേക്കായി റണ്ണിംഗ് കോൺട്രാക്ട് സിസ്റ്റവും ബ്ലൂ ബ്രിഗേഡ് സിസ്റ്റവും പ്രവർത്തിച്ചു വരുന്നു. അതോറിറ്റി നേരിട്ട് അറ്റകുറ്റപ്പണികൾ നടത്തുന്ന ബ്ലൂബ്രിഗേഡ് സംവിധാനം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇതിനകം നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാക്കുമ്പോൾ മൂന്ന് നഗരങ്ങളിലേയും ജലനഷ്ടം ദേശീയ ബെഞ്ച് മാർക്ക് നിലവാരത്തിൽ (15%) എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു.<br>ജല മോഷണം തടയുന്നതിനായി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകളും രൂപികരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നി നഗരങ്ങളിൽ 24 X 7 ജല വിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. ഈ പദ്ധതി പൂർത്തിയാകുമ്പോൾ മൂന്ന് നഗരങ്ങളിലേയും ജല നഷ്ടം ദേശീയ ബെഞ്ച് മാർക്ക് നിലവാരത്തിൽ (15%) എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ സദാസമയവും കുടിവെള്ളം കിട്ടുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (ബി) | തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24 x 7 ജല വിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. താഴെ പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്.<br><br>1.ഉൽപാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.<br><br>2.കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.<br><br>3.വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി എം എ (District Metering Area) കൾ സ്ഥാപിച്ച് ജല വിതരണം കാര്യക്ഷമമാക്കു കയും ജല ചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക.<br><br>4.മർദ്ദനിയന്ത്രണ ഉപകരണങ്ങളും ഫ്ലോമീറ്ററു കളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.<br><br>5. SCADA(Supervisory control and data acquisition) പോലെയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.<br><br>6.പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.<br><br>7.എല്ലാ ഗുണഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള മീറ്ററുകൾ സ്ഥാപിക്കുക.<br><br>8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി GIS (Geographical Information System) മാപ്പ് തയ്യാറാക്കുക.<br><br>9. ഐ.റ്റി അധിഷ്ഠിത എം.ഐ.എസ് (Management Information System) ലൂടെ കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക. മേൽ പദ്ധതിക്ക് ADB (Asian Development Bank) യുടെ ധനസഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | സംസ്ഥാനത്ത് ആവർത്തിച്ചുണ്ടാകുന്ന വരൾച്ച കണക്കിലെടുത്ത് നടത്തിയിട്ടുള്ള ജലസംരക്ഷണ, ജലസുരക്ഷ പദ്ധതികളുടെ പുരോഗതിയെന്തെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് ആവർത്തിച്ചുണ്ടാകുന്ന വരൾച്ച കണക്കിലെടുത്ത് ലഭ്യമായ ജലം കരുതലോടെ വിനിയോഗിക്കുവാൻ ശ്രദ്ധ പതിപ്പിച്ചു വരുന്നു. കൂടാതെ ജലനഷ്ടം ഒഴിവാക്കുവാനായി പഴയ പൈപ്പുകൾ മാറ്റിയിടുന്ന പ്രവൃത്തിയും ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. വരൾച്ചയുടെ കാഠിന്യം |

വർദ്ധിക്കുന്നതനുസരിച്ച് ഉയർന്ന ആവശ്യകത യ്ക്ക് അനുയോജ്യമായി ജലവിതരണം നടത്താൻ വാട്ടർ അതോറിറ്റി പദ്ധതികളുടെ സ്രോതസ്സിൽ മതിയായ ജല ലഭ്യത ഉറപ്പു വരുത്തുവാൻ ശ്രമിക്കുന്നുണ്ട്. ആയതിനായി സ്ഥിരമായും താത്കാലികമായും തടയണകൾ നിർമ്മിക്കുക, നീരൊഴുക്ക് തടസ്സങ്ങൾ നീക്കി സുഗമമാക്കുക, കിണറുകൾ വൃത്തിയാക്കുക എന്നി പ്രവർത്തികൾ ചെയ്യാറുണ്ട്. നിലവിലെ സ്രോതസ്സുകൾ പൂർണ്ണമായും തടസ്സപ്പെടുന്ന സ്ഥിതി ഉണ്ടായാൽ പെട്ടെന്ന് പ്രയോജനപ്പെടു ത്താവുന്ന കുളങ്ങൾ, ഉപേക്ഷിച്ച ക്വാറികൾ തുടങ്ങിയവ കണ്ടെത്തി നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുവാനും ഉദ്ദേശിക്കുന്നു. ഇത് കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ കുഴൽകിണറുകൾ നിർമ്മിക്കുവാനുള്ള സാധ്യതയും പരിഗണിക്കു ന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ ജല ലഭ്യത ഉറപ്പുവരുത്തു ന്നതിനായി ടാങ്കർ ലോറി വഴി ജല വിതരണം നടത്തുവാൻ അതോറിറ്റി സുസജ്ജമാണ്.

ഇതോടൊപ്പം തന്നെ നിലവിലെ വിവിധ വകുപ്പുകളുടെ കീഴിലുള്ള സംഭരണികളിലെ ജലം കുടിവെള്ളാവശ്യത്തിന് മുൻഗണന നൽകി മാത്രം വിനിയോഗിച്ചു വരുന്നു. ഹരിത കേരളം പദ്ധതി വഴി ഇത്തരം പ്രവർത്തനങ്ങളും നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ